**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 165** **12-02-2024 - ൽ മറുപടിയ്ക്ക്**

**പി.ആർ.എസ്. വായ്പ ബാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പി.ആർ.എസ്. വായ്പ ബാധ്യത കർഷകന്റെ ബാധ്യതയായി ബാങ്കുകൾ കണക്കാക്കുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇല്ല. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയും, സംസ്ഥാന സർക്കാരിന്റെ സംസ്ഥാന പ്രോത്സാഹന ബോണസും, കൈകാര്യ ചെലവും ഉൾപ്പെടുന്നതാണ് സംഭരിക്കുന്ന നെല്ലിന്റെ വിലയായി കർഷകർക്ക് നൽകുന്നത്. കേന്ദ്ര സർക്കാരിൽ നിന്നും കർഷകർക്ക് നൽകുവാനുള്ള തുകകൾ സമയബന്ധിതമായി ലഭ്യമാകാത്ത സാഹചര്യത്തിൽ ആ വിടവ് നികത്തുന്നതിനു വേണ്ടി മാത്രമാണ് ചില ബാങ്കുകൾ മുഖേന പി.ആർ.എസ് വായ്പ മുഖാന്തിരം സപ്ലൈകോ കർഷകർക്ക് സംഭരണ വില നൽകുന്നത്. പി.ആർ.എസ് വായ്പാപദ്ധതിയിൽ ബന്ധപ്പെട്ട ബാങ്കുകളുമായുള്ള കരാറിൽ സപ്ലൈകോയാണ് ഗ്യാരന്റർ. കർഷകർക്ക് പി.ആർ.എസ് വായ്പ വഴി നൽകുന്ന നെല്ലിന്റെ സംഭരണ തുകയുടെ മുതലും പലിശയും അടയ്ക്കുന്നത് സപ്ലൈകോയാണ്. ആയതിനാൽ കർഷകർക്ക് ബാദ്ധ്യത വരുന്നില്ല. പിന്നീട് ടി തുക കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സപ്ലൈകോയ്ക്ക് തിരികെ നൽകുന്നതാണ്.<br><br>സംഭരിച്ച നെല്ല് മില്ലുകളിൽ കുത്തി അരിയാക്കി പൊതു വിതരണ ശൃംഖല വഴി വിതരണം നടത്തി ആയതിന്റെ വിവരങ്ങൾ 'അന്നവിതരൺ' പോർട്ടലിൽ സിവിൽ സപ്ലൈസ് വകുപ്പ് രേഖപ്പെടുത്തുന്നു. അതിനുശേഷം ത്രൈമാസ ക്ലെയിം തയ്യാറാക്കി നൽകുമ്പോൾ മാത്രമാണ് നെല്ലിന്റെ താങ്ങുവില കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നത്. കേന്ദ്ര, സംസ്ഥാന വിഹിതം ലഭ്യമാകാൻ കാലതാമസം നേരിട്ടാൽ ബാക്കി തിരിച്ചടവ് തുകയും, ആയതിന്റെ പിഴ പലിശസഹിതം തിരിച്ചടച്ച് കർഷകരുടെ “CIBIL Score” നെ ബാധിക്കാതിരിക്കുന്നതിനുള്ള നടപടികൾ സപ്ലൈകോ സ്വീകരിച്ചിട്ടുണ്ട്. പി.ആർ.എസ് വായ്പ കുടിശ്ശികയാകുന്നത് ഒരു വർഷത്തിനുള്ളിൽ തിരിച്ചടവ് |

| | | | |
|---|---|---|---|
| | | | നടത്തിയില്ലെങ്കിൽ മാത്രമാണ്. പി.ആർ.എസ് വായ്പ തിരിച്ചടയ്ക്കാത്ത സാഹചര്യത്തിൽ ഇതുവരെ ജപ്തി നോട്ടീസുകൾ നല്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ബാങ്കുകളിൽ യഥാസമയം തുക അടയ്ക്കുന്നതിൽ സർക്കാർ വീഴ്ച വരുത്തുന്ന അവസരത്തിൽ ആയത് കർഷകന്റെ സിബിൽ സ്കോറിനെ ബാധിക്കുമെന്നും കർഷകന് ബാങ്കുകളിൽ നിന്നും വായ്പകൾ ലഭ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുമെന്നുമുള്ള കാര്യം വിശകലനം ചെയ്തിട്ടുണ്ടോ; | (ബി) | (എ) പിരിവിൽ കാണാവുന്നതാണ്. |
| (സി) | ലോൺ വ്യവസ്ഥയിൽ ലഭ്യമാക്കിയ തുകയും പലിശയും തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ട് ബാങ്കുകൾ കർഷകർക്ക് ജപ്തി നോട്ടീസ് അയയ്ക്കുന്നുണ്ടെന്ന കാര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ? | (സി) | (എ) പിരിവിൽ കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ